പത്രക്കുറിപ്പ്
24-05-2018

## ഡിഡിയുജികെവൈ: ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മാത്രമായി കുടുംബശ്രീയുടെ പ്രത്യേക നൈപുണ്യ പരിശീലനത്തിന് തുടക്കം

---

തിരുവനന്തപുരം: ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മാത്രമായി ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) നൈപുണ്യ പരിശീലന പദ്ധതി വഴി പ്രത്യേക പരിശീലന പരിപാടിക്ക് കുടുംബശ്രീ തുടക്കമിട്ടു. എറണാകുളം കളമശ്ശേ രിയിലെ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് വഴി 2018-19 വർഷത്തിൽ 150 പേർക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ബുക്ക് ബൈൻഡിങ്, ഫ്രണ്ട് ഓഫീസ് അസോസിയേറ്റ്, ഹൗസ്കീപ്പിങ് അറ്റൻഡന്റ് എന്നീ മൂന്ന് കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്. നാല് മാസ കാലയളവുള്ള ബുക്ക് ബൈൻഡിങ് കോഴ്സിന്റെ ആദ്യ ബാച്ചിന്റെ പരിശീലനം മേയ് പത്തിന് ആരംഭിച്ചു. 30 പേരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. ഇതിൽ 15 പേർ മാനസിക വെല്ലുവിളി നേരിടുന്നവരാണ്. ആലുവയിലുള്ള കൃപ (കേരള റീഹാബി ലിറ്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ ഫിസിക്കലി അഫക്ടഡ്) ആണ് പരിശീലന കേന്ദ്രം. ഗ്രാമീ ണ മേഖലയിലെ യുവതീ യുവാക്കൾക്ക് പരിശീലനത്തോടൊപ്പം തൊഴിലും ഉറപ്പ് നൽകുന്ന കേന്ദ്ര നൈപുണ്യ പരിശീലന പദ്ധതിയായ ഡിഡിയുജികെവൈയുടെ കേരളത്തിലെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. ഈ പദ്ധതി വഴി ഇതുവരെ 34568 പേർക്ക് പരിശീ ലനം നൽകി കഴിഞ്ഞു. അതിൽ 20564 പേർക്ക് തൊഴിലും ലഭിച്ചു.

ഡിഡിയുജികെവൈ പദ്ധതിയുടെ എംപാനൽഡ് ഏജൻസി കൂടിയായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിൽ ബുക്ക് ബൈൻഡിങ്, ഫ്രണ്ട് ഓഫീസ് അസോസിയേറ്റ് കോഴ്സുകൾ രണ്ട് ബാച്ചുകളിലായാണ് നടത്തുക. 60 വീതം പേർക്ക് ഇരു കോഴ്സുകളിലും പരിശീലനം നൽകും. അഞ്ച് മാസം വരെയാണ് ഫ്രണ്ട് ഓഫീസ് അസോസിയേറ്റ് കോഴ്സി ന്റെ കാലാവധി. ബുക്ക് ബൈൻഡിങ്, ഹൗസ്കീപ്പിങ് അറ്റൻഡന്റ് കോഴ്സിന്റെ കാലാവധി നാല് മാസം വീതവും. ഹൗസ്കീപ്പിങ് അറ്റൻഡന്റ് കോഴ്സ് വഴി 30 പേർക്കാണ് പരിശീലനം നൽകുക. ബുക്ക് ബൈൻഡിങ്, ഹൗസ്കീപ്പിങ് അറ്റൻഡന്റ് കോഴ്സുകൾക്ക് എട്ടാം ക്ലാസാണ് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. ഫ്രണ്ട് ഓഫീസ് അസോസിയേറ്റ് കോഴ്സിന് പ്ലസ്ടുവും. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, കമ്പ്യൂട്ടർ, സോഫ്ട് സ്കിൽസ് എന്നീ വിഷയ ങ്ങളിലും പരിശീലനം നൽകുന്നു. ബുക്ക് ബൈൻഡിങ് കോഴ്സ് വിജയകരമായി പൂർത്തിയാ ക്കുന്നവർക്ക് എൻസിവിടി (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയ്നിങ്) സർട്ടിഫി ക്കറ്റാണ് നൽകുക. അവർക്ക് പ്രിന്റിങ് പ്രെസ്സുകളിലും മറ്റും ജോലി ഉറപ്പാക്കുകയും ചെയ്യും. എസ്എസ്സി (സെക്ടർ സ്കിൽസ് കൗൺസിൽസ്) സർട്ടിഫിക്കറ്റാണ് ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ലഭിക്കുന്നത്.

ഇത് കൂടാതെ ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സമർത്ഥനം ട്രസ്റ്റ് ഡിഡിയു ജികെവൈ പദ്ധതിക്കായി കുടുംബശ്രീയുമായി കരാറിലെത്തി. ഈ ഏജൻസി വഴി അംഗപരി മിതരായ 400 പേർക്ക് നൈപുണ്യ പരിശീലനം നൽകും. ബിപിഒ (വോയ്സ്), ബിപിഒ (നോൺ വോയ്സ്) എന്നീ കോഴ്സുകളിലാകും പരിശീലനം. എറണാകുളത്തുള്ള സെന്ററിൽ റെസിഡൻഷ്യൽ പരിശീലനമാണ് നൽകുക. ജൂലൈ അവസാനത്തോടെ രണ്ട് കോഴ്സുക ളിലും പരിശീലനം ആരംഭിക്കും. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ളവർക്ക് പരിശീലനത്തിനായി അപേക്ഷിക്കാം. ഡിഡിയുജികെവൈ പദ്ധതി ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കിയതിന് തുടർച്ചയായ രണ്ടാം വർഷവും കുടുംബശ്രീയ്ക്ക് ദേശീയ പുരസ്കാരം ലഭിച്ചിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 10663 യുവജനങ്ങൾക്ക് ഈ പദ്ധതി പ്രകാരം

കുടുംബശ്രീ നൈപുണ്യ പരിശീലനവും തൊഴിലും ലഭ്യമാക്കിയിരുന്നു.

ഇപ്പോൾ കേരളമുൾപ്പെടെ 29 സംസ്ഥാനങ്ങളിലും എല്ലാ കേന്ദ്ര ഭരണ പ്രദേശങ്ങളിലും പദ്ധതി നടപ്പാക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള ഈ പദ്ധതി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിൽ ഉൾപ്പെടുത്തി 2014ലാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ആരംഭിച്ചത്. 15നും 35നും ഇടയിൽ പ്രായമുള്ളവർക്കാണ് കോഴ്സിന് ചേരാനാവുക. സ്ത്രീകൾ, അംഗപരിമിതർ തുടങ്ങിയവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. ടാലി, ബിപിഒ, റീട്ടേയ്ൽ. ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് തുടങ്ങിയ നിരവധി മേഖലകളിൽ പദ്ധതി വഴി പരിശീലനം നൽകുന്നു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**